# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.476 01.07.2013-ലെ മറുപടിയ്ക്ക്

### സ്വാതന്ത്ര്യ സമര സേനാനി തുടർ പെൻഷൻ കൂടുതൽ ആശ്രിതർക്ക് നൽകുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.കെ.ശിവദാസൻ നായർ | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
|---|---|
| **(എ).** സംസ്ഥാനത്ത് സ്വാതന്ത്ര്യ സമര സേനാനി തുടർ പെൻഷൻ കൂടുതൽ ആശ്രിതർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>**(ബി).** ഏതെല്ലാം ആശ്രിതർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;<br><br>**(സി).** ആനുകൂല്യങ്ങൾ നൽകുന്നതിന് ഉള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ. | **(എ) + (ബി) + (സി)** സ്വാതന്ത്ര്യ സമര സേനാനികളുടെ വിധവകൾ, അവിവാഹിതരായ പെൺമക്കൾ, പ്രായ പൂർത്തിയാകാത്ത ആൺമക്കൾ എന്നിവർക്ക് സ്വാതന്ത്ര്യ സമര സേനാനി തുടർ പെൻഷൻ ലഭിച്ചു വന്നിരുന്നു. ഇതിനു പുറമേ 02.05.2012 തീയതിയിലെ സ.ഉ(പി)നം.92/2012/ പൊ.ഭ.വ നമ്പർ പ്രകാരം അർഹതപ്പെട്ട ആശ്രിതയും വിധവയുമായ പെൺമക്കൾ/ വിവാഹമോചിതരായ പെൺമക്കൾ എന്നിവർക്ക്, അവർ പുനർ വിവാഹിതരാകുന്നതുവരെയോ/ മരണപ്പെടുന്നതുവരെയോ, തുടർപെൻഷന് അർഹതയുണ്ട്. ശാരീരികമായോ മാനസിക മായോ സീവിയർ ഡിസെബിലിറ്റിയുള്ള ആശ്രിതരായ ആൺമക്കൾ/പെൺമക്കൾ എന്നിവർ ആയത് തെളിയിക്കുന്നതിന് ഹാജരാക്കുന്ന മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുടർ പെൻഷന് അർഹതയുണ്ട്. കൂടാതെ ആശ്രിതരുടെ വാർഷിക വരുമാനം 24,000/- രൂപയിൽ താഴെയായിരിക്കണം. (സർക്കാർ ഉത്തരവ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്). |

| | |
|---|---|
| (ഡി) ശാരീരിക മാനസിക വൈകല്യമുള്ള ആശ്രിതർ എന്തെല്ലാം സർട്ടിഫിക്കറ്റു കളാണ് പ്രസ്തുത പെൻഷൻ ലഭിക്കുന്നതിനായി ഹാജരാക്കേണ്ടത്; വിശദമാക്കുമോ? | (ഡി) 1) 22.11.2012-ലെ സ.ഉ(പി)നമ്പർ.329/2012/ പൊ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം വാർഷിക വരുമാന പരിധി 24,000/- രൂപയിൽ അധികമല്ലായെന്നുള്ള ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്. (സർക്കാർ ഉത്തരവ് അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.)<br>2) ഡിപ്പന്റെൻസി സർട്ടിഫിക്കറ്റ്<br>3) അനന്തരാവകാശ സർട്ടിഫിക്കറ്റ്.<br>4) പിതാവ്/മാതാവ്/ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്<br>5) വിവാഹ മോചന സർട്ടിഫിക്കറ്റ്<br>6) പുനർവിവാഹിതയല്ലായെന്നുള്ള സർട്ടിഫിക്കറ്റ്.<br>7) വയസ്സ് തെളിയിക്കുന്ന രേഖ<br>8) സിവീയറായി ശാരീരിക/മാനസിക വൈകല്യമുള്ളവർക്ക് മെഡിക്കൽ ബോർഡ് നൽകുന്ന 'ഡിസെബ്ലിറ്റി സർട്ടിഫിക്കറ്റ്.'<br>9) സ്വാതന്ത്ര്യ സമര സേനാനിയുടെ 'Most Deserving Cases' ഉൾപ്പെട്ട ആശ്രിതരാണെന്ന് ശുപാർശ ചെയ്യുന്ന ബന്ധപ്പെട്ട ജില്ലാ കലക്ടറുടെ റിപ്പോർട്ട് |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

**സെക്ഷൻ ഓഫീസർ**